മഹാത്മാഗാന്ധി സർവ്വകലാശാല
പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2022 ഒക്ടോബർ 6

# വാർത്താക്കുറിപ്പ്

---

## എം.ടെക് പോളിമെർ സയൻസ്; സ്പോട്ട് അ്ഡമിഷൻ 12ന്

മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് കെമിക്കൽ സയൻസിൽ എം.ടെക് പോളിമെർ സയൻസ് ആന്റ് ടെക്നോളജി(2022 2024 ബാച്ച്) കോഴ്സിൽ ഒഴിവുള്ള ഒൻപത് സീറ്റുകളിലേക്ക് ഒക്ടോബർ 12-ന് സ്പോട്ട് അഡ്മിഷൻ നടത്തും.

വിദ്യാർഥികൾ യോഗ്യത തെളിയിക്കുന്ന അസ്സൽ രേഖകളുമായി അന്നു വൈകുന്നേരം നാലിന് മുൻപ് വകുപ്പിൽ എത്തണം.

രജിസ്റ്റർ ചെയ്യുന്നവരിൽനിന്നും മെറിറ്റ് അടിസ്ഥാനത്തിലാണ് പ്രവേശനം നൽകുക. എൻ.എസ്.എസ്, എൻ.സി.സി, എക്സ് സർവീസ് സർട്ടിഫിക്കറ്റുകൾ ഹാജരാക്കുന്നവർക്ക് നിയമാനുസൃത വെയ്റ്റേജ് മാർക്ക് ലഭിക്കും.

യോഗ്യത:അംഗീകൃത സ്ഥാപനത്തിൽനിന്ന്  55 ശതമാനം മാർക്കോടെ അല്ലെങ്കിൽ തത്തുല്യ ഗ്രേഡോടെ ബി.ടെക് അല്ലെങ്കിൽ ബി.ഇ(പോളിമെർ സയൻസ് ആന്റ് ടെക്നോളജി/ പോളിമെർ എൻജിനീയറിംഗ്/ ഫൈബർ സയൻസ് ആന്റ് ടെക്നോളജി/ റബർ ടെക്നോളജി/ പ്ലാസ്റ്റിക് ടെക്നോളജി/ കെമിക്കൽ എൻജിനീയറിംഗ്/ മെറ്റീരിയൽ സയൻസ്/ കെമിക്കൽ ടെക്നോളജി). അവസാന സെമസ്റ്റർ വിദ്യാർഥികൾക്കും അപേക്ഷിക്കാം.

അംഗീകൃത സ്ഥാപനത്തിൽനിന്ന്  55 ശതമാനം മാർക്കോടെ അല്ലെങ്കിൽ തത്തുല്യ ഗ്രേഡോടെ എം.എസ്.സി(കെമിസ്ട്രി/ പോളിമെർ കെമിസ്ട്രി/ അപ്ലൈഡ് കെമിസ്ട്രി) യോഗ്യത നേടിയവരെയും ഇതേ കോഴ്സുകളിലെ അവസാന സെമസ്റ്റർ വിദ്യാർഥികളെയും പരിഗണിക്കും. ഫോൺ: 0481-2731036, 9645298272

(പി.ആർ.ഒ./39/1420/2022)

## ബിരുദ പരീക്ഷകൾ നവംബർ 18 മുതൽ

നാലാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. (2014-2016 അഡ്മിഷൻ റീ-അപ്പിയറൻസ്, 2013 അഡ്മിഷൻ - മെഴ്സി ചാൻസ്), സൈബർ ഫോറൻസിക് (2014-2018 അഡ്മിഷൻ റീ-അപ്പിയറൻസ്) ബിരുദ പരീക്ഷകൾ (ഒക്ടോബർ 2022) നവംബർ 18 ന് ആരംഭിക്കും. വിശദിവിവരങ്ങൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1421/2022)

## പരീക്ഷയ്ക്ക് അപേക്ഷിക്കാം

രണ്ടാം സെമസ്റ്റർ ദ്വിവത്സര എം.എഡ് (സ്പെഷ്യൽ എജ്യുക്കേഷൻ ഇന്റലക്ച്വൽ ഡിസെബിലിറ്റി 2021 അഡ്മിഷൻ റെഗുലർ, 2019 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ ഒക്ടോബർ 21ന് ആരംഭിക്കും. പിഴകൂടാതെ ഒക്ടോബർ 11 വരെയും പിഴയോടുകൂടി 12നും സൂപ്പർ ഫൈനോടുകൂടി 13നും അപേക്ഷ നൽകാം.

വിദ്യാർത്ഥികൾ പരീക്ഷാഫീസിനു പുറമേ പേപ്പറൊന്നിന് 60 രൂപ നിരക്കിൽ (പരമാവധി 300 രൂപ) സി.വി. ക്യാമ്പ് ഫീസ് അടക്കണം.

(പി.ആർ.ഒ./39/1422/2022)

## പ്രാക്ടിക്കൽ 10 മുതൽ

കഴിഞ്ഞ ജൂണിൽ വിജ്ഞാപനം പുറപ്പെടുവിച്ച ഒന്നാം സെമസ്റ്റർ ബി.എഫ്.ടി, ബി.എസ്.സി അപ്പാരൽ ആന്റ് ഫാഷൻ ഡിസൈൻ (സി.ബി.സി.എസ് 2021 അഡ്മിഷൻ റെഗുലർ/ 2020 അഡ്മിഷൻ ഇംപ്രൂവ്മെന്റും റീ അപ്പിയറൻസും, 2017, 2018, 2019 അഡ്മിഷൻ റീ അപ്പിയറൻസ്) പരീക്ഷകളുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഒക്ടോബർ 10ന് ആരംഭിക്കും. വിശദമായ ടൈം ടേബിൾ സർവകലാശാലാ വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1423/2022)

## പരീക്ഷാ ഫലം

കഴിഞ്ഞ ജൂലൈയിൽ കോട്ടയം സി.എം.എസ് കോളജിൽ നടന്ന പി.എച്ച്.ഡി എൻട്രൻസ് പരീക്ഷയുടെ (ജൂലൈ 2022) ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ./39/1424/2022)

## പരീക്ഷാ ടൈം ടേബിൾ

ഒക്ടോബർ 19 ന് ആരംഭിച്ച ആറാം സെമസ്റ്റർ ബി.എ./ ബി.കോം. (സി.ബി.സി.എസ്.എസ്. - പ്രൈവറ്റ് രജിസ്ട്രേഷൻ) പരീക്ഷയോടൊപ്പം ഒക്ടോബർ 19 ന് പ്രാചീന മലയാളം - പദ്യവും ഗദ്യവും എന്ന പേപ്പർ കൂടി ഉൾപ്പെടുത്തി പരിഷ്കരിച്ചു.

(പി.ആർ.ഒ./39/1425/2022)

## പരീക്ഷാ ഫലം പ്രസിദ്ധീകരിച്ചു

ഈ വർഷം ജനുവരിയിൽ നടന്ന രണ്ടാം സെമസ്റ്റർ എം.എസ്.സി ക്ലിനിക്കൽ ന്യൂട്രീഷൻ ആന്റ് ഡയറ്ററ്റിക്സ്, രണ്ടാം സെമസ്റ്റർ എം.എസ്.സി ഓപ്പറേഷൻസ് റിസർച്ച് ആന്റ് കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ്, എം.എസ്.സി. ഫിസിക്സ്, എം.എസ്.സി. ഫിസിക്സ് - മെറ്റീരിയൽ സയൻസ് പരീക്ഷകളുടെ (റെഗുലർ, സപ്ലിമെന്ററി, ഇംപ്രൂവ്മെന്റ്) ഫലം പ്രസിദ്ധീകരിച്ചു.
പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധയ്ക്കും നിശ്ചിത ഫീസ് അടച്ച് ഒക്ടോബർ 18 വരെ ഓൺലൈനിൽ അപേക്ഷിക്കാം. വിശദവിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ. ( www.mgu.ac.in)

................................

ഏഴാം സെമസ്റ്റർ പഞ്ചവത്സര ബി.ബി.എ എൽ.എൽ.ബി. (ഓണേഴ്സ്) സപ്ലിമെന്ററി (2016 മുൻപുള്ള അഡ്മിഷൻ - സപ്ലിമെന്ററി, ഏപ്രിൽ 2022) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധയ്ക്കും നിശ്ചിത ഫീസ് സഹിതം ഒക്ടോബർ 17 നകം പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ അപേക്ഷ നൽകണം.

(പി.ആർ.ഒ./39/1426/2022)

**പബ്ലിക് റിലേഷൻസ് ഓഫീസർ**